# മൊബൈൽ ടവർ പ്രവർത്തിപ്പിക്കരുതെന്ന് സുപ്രീം കോടതി

ഷെറി
www.niyamadarsi.com

ക്യാൻസർ രോഗബാധിതയായ സ്ത്രീ നൽകിയ പരാതിയിൽ ബി എസ് എൻ എൽ മൊബൈൽ ടവർ പ്രവർത്തനരഹിതമാക്കണമെന്ന് സുപ്രീം കോടതി ഇടക്കാല ഉത്തരവിലൂടെ ആവശ്യപ്പെട്ടു. ഗ്വാളിയർ പ്രദേശവാസിയായ ഗാർഹിക തൊഴിലാളിയാണ് പരാതിക്കാരി. കഴിഞ്ഞ 13 വർഷമായി തന്റെ വീടിന് 50 മീറ്ററിനുള്ളിൽ സമീപപ്രദേശത്തുള്ള കെട്ടിടത്തിനുള്ളിൽ ടവർ സ്ഥിതിചെയ്യുകയാണെന്നും അതാണ് രോഗകാരണമെന്നുമായിരുന്നു വാദം. മൊബൈൽ ടവർ പ്രവർത്തിക്കുന്നതിലൂടെ ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ ഉാകുമന്ന് നിയമപരമായതോ ശാസ്ത്രീയമായതോ ആയ പഠനങ്ങൾ ഇല്ല എന്നു വാദമുായി എങ്കിലും മൊബൈൽ ടവർ റേഡിയേഷൻ മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമല്ല എന്നും പഠനങ്ങളില്ലതും കോടതിയിൽ പരാമർശിക്കപ്പെട്ടു.

രാജ്യത്തുള്ള മൊബൈൽ ടവറുകൾ യാതൊരു നിയന്ത്രണത്തിനും വിധേയമാകാതെ പുറത്തുവിടുന്ന പ്രസരണം മനുഷ്യജീവന് സുരക്ഷിതമാണോ ?
നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മൊബൈൽ ടവർ മനുഷ്യനുാക്കിയേക്കാവുന്ന സുരക്ഷതിത്വമില്ലായ്മയ്ക്ക് പരിഹാരമുാക്കാൻ പര്യാപ്തമാണോ ?
നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും വാണിജ്യപരമായ വീക്ഷണത്തിൽ മാത്രമുള്ളതാണോ അതോ മനുഷ്യന്റെ ക്ഷേമം കൂടി കണക്കിലെടുത്തു കൊ് സന്തുലിതമായ തരത്തിലുള്ളതാണോ ?
റേഡിയേഷൻ തടയുന്നതിനുള്ള നിയമങ്ങളുടെ അഭാവത്തിൽ കോടതിക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധകാരമില്ലേ ?
മൊബൈൽ ടവർ കാര്യത്തിൽ മന്ത്രി തല ഉപസമിതിയുടെ തീരുമനങ്ങൾ പാലിക്കാൻ ബന്ധപ്പെട്ടവർക്ക് ബാധ്യതയില്ലേ ?
മൊബൈൽ ടവർ പ്രാണികളെയും പക്ഷികളെയും മൃഗങ്ങളെയും ബാധിക്കുന്നുന്നെ ആധികാരകമായ കലിന്റെ അടിസ്ഥാനത്തിൽ അത് മനുഷ്യനും ആരോഗ്യകരമായ പ്രശ്നങ്ങളുാക്കുമെന്ന നിഗമനം ശരിയല്ലേ ?
ഇന്ന് നിലവിൽ പ്രസരിക്കുന്ന റേഡിയേഷൻ നില മനുഷ്യന് ദോഷകരമല്ല എന്ന് ദോഷകരമല്ല എന്ന് ആധികാരികമായ കത്തെലുകളുാേ ?
റേഡിയേഷൻ തോത് സംബന്ധിച്ച് മൊബൈൽ കമ്പനികൾ സ്വയം നൽകുന്ന സർട്ടിഫിക്കറ്റ് പൊതുതത്വത്തിനെതിരല്ലേ ?
തങ്ങൾക്കു ചുറ്റുമുള്ള മൊബൈൽ ടവറുകൾ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭിക്കാൻ പൗരന് അവകാശമില്ലേ ?
മൊബൈൽ ടവറിൽ നിന്ന് പുറത്തുവരുന്ന പ്രസരണം മലിനീകരണത്തിന്റ പരിധിയിൽ വരുന്നതല്ലേ ?

എന്നിങ്ങനെയുള്ള നിയമപരമായ ചോദ്യങ്ങളാണ് കോടതിയുടെ പരിഗണനയിലുള്ളത്. ഇന്ന് കേരളത്തിൽ ഉൾപ്പെടെ, സാങ്കേതിക അനുമതികളൊക്കെ വാങ്ങിക്കഴിഞ്ഞാൽ മൊബൈൽ ടവറുകൾക്കെതിരെ നിയമപരമായി തടസ്സങ്ങൾ ഉന്നയിക്കുക ശ്രമകരമാണ്. തദ്ദേശസ്ഥാപനങ്ങൾക്ക് ജനസൗകര്യം കണക്കിലെടുത്ത് ഒരു പരിധിവരെ ലൈസൻസ് നിഷേധിക്കാമെങ്കിലും തദ്ദേശ ട്രൈബ്യൂണലിൽ നിന്നും കോടതികളിൽ നിന്നും ടവറുകൾ സ്ഥാപിക്കാൻ അനുമതിയും പോലീസ് സംരക്ഷണവും ലഭിക്കാറാണ് പതിവ്. ഭുവുടമയും മൊബൈൽ കമ്പനിയും ശക്തമായി ഒരുമിച്ചു നിന്നാൽ എതിർക്കാൻ ടവറിനെ എതിർക്കാൻ വരുന്ന ജനകീയപ്രതിരോധക്കാർക്കെതിരെ കേസുകളും ഉാകും. ആകെയുള്ള ഒരു താൽക്കാലിക പ്രതിവിധി ജില്ലാ തലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സമിതിയുടെ പ്രവർത്തനമാണ്. നിയമപരമായ സാങ്കേതികത്വങ്ങളിൽ അത്തരം സമിതിയുടെ പ്രവർത്തനവും ടവർ പ്രവർത്തനത്തിന് അന്തിമതടസ്സമല്ല. കേസ് വീും ജൂലൈ 11 ന് വാദം കേൾക്കും. (സിവിൽ അപ്പീൽ 2612/2016)